തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

128 (6579) ശ്രീ. പിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആസ്തി വികസന പദ്ധതിയിലൂടെ നടപ്പിലാക്കുന്നതിന് പി.ഡബ്ല്യു.ഡി മുഖാന്തരം നൽകിയിട്ടുള്ള നിർദ്ദേശങ്ങളുടെ ഭരണാനുമതി വൈകുന്നതിന് നിലവിൽ എന്തെങ്കിലും തരത്തിലുള്ള തടസ്സമുണ്ടോ ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം അറിയിക്കുമോ ;

(സി) ഇത്തരത്തിൽ പി.ഡബ്ല്യു.ഡി മുഖാന്തരം നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ നടപടിയിലിരിക്കുന്നത് പിൻവലിച്ച് തദ്ദേശസ്വയംഭരണവകുപ്പിന് നേരിട്ട് വീണ്ടും നൽകേണ്ടതുണ്ടോ ;

(ഡി) ഇപ്പോഴെങ്കിൽ ഏതെങ്കിലും തരത്തിലുള്ള കാലവിളംബം ഭരണാനുമതി ലഭ്യമാക്കുന്നതിൽ ഇത്തരം നിർദ്ദേശങ്ങൾക്കുണ്ടാകുമോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ആസ്തികളുടെ നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികൾ ത.സ്വ.ഭ. വകുപ്പുവഴി നടത്തണമെന്നാണ് നിയമം അനുശാസിക്കുന്നത്. ഇത്തരം ആസ്തികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി.യോ മറ്റ് അംഗീകൃത ഏജൻസികളോ തയ്യാറാക്കി ധനാനുമതിക്കായി സമർപ്പിക്കുകയാണെങ്കിൽ, ആയത്, ഡെപ്പോസിറ്റ് വർക്ക് ആയി പരിഗണിച്ച് ത്.സ്വ.ഭ.വകുപ്പിന്റെ ശീർഷകത്തിൽനിന്നും (4515-00-800-96 LAC-ADS(NP) പെലവ് വഴിക്കാവുന്നതാണെന്ന് 3.-6-2014-ലെ സർക്കുലർ നമ്പർ 54/2014/ധന. പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. (സർക്കുലറിന്റെ പകർപ്പ് അനുബന്ധം)*

(സി&ഡി) നടപടിയിലിരിക്കുന്ന ഇത്തരം നിർദ്ദേശങ്ങൾ ഡെപ്പോസിറ്റ് വർക്കായി പൊതുമരാമത്ത് വകുപ്പുവഴി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly